**A**

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

**812**

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2017-18

# മലയാളം

## അടിസ്ഥാനപാഠാവലി

സ്റ്റാന്റേർഡ് VIII

സമയം : 1½ മണിക്കൂർ
സ്കോർ : 40

**പൊതുനിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയമാണ്.ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കാൻ ഈ സമയം പ്രയോജനപ്പെടുത്തണം.
- നിർദേശങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക (1 സ്കോർ വീതം)**

1. "വിദ്യകൾ മറ്റുള്ളതെല്ലാം വൃഥാതന്നെ
വൈദ്യം പഠിക്കണം ദ്രവ്യമുണ്ടാക്കുവാൻ "

ഈ വരികളിൽ തെളിയുന്നതെന്ത്?

- ഉപദേശം
- മഹത്വം
- വിമർശനം
- പ്രശംസ

2. മാതൃക പോലെ എഴുതുക

ജലോപരിതലം - ജലത്തിന്റെ ഉപരിതലം

മഴപ്പെയ്ത്ത് - ....................................

3. വേലചെയ്യണം ...........വിയർക്കണം............ഞാൻ ജോലി ചെയ്തിട്ട് നിങ്ങൾക്ക് ഫലം പറ്റണം ........... ആ വിദ്യ മനസ്സിലിരിക്കട്ടെ.

സന്ദർഭത്തിന് യോജിച്ച പഴഞ്ചൊല്ല് തിരഞ്ഞെടുത്ത് എഴുതുക.

- പയ്യെത്തിന്നാൽ പനയും തിന്നാം
- കൈ നനയാതെ മീൻ പിടിക്കുക
- വിത്താഴം ചെന്നാൽ പത്തായം നിറയും
- മുറ്റത്തെ മുല്ലയ്ക്ക് മണമില്ല

4. " ആരോടുമില്ല വഴക്കെന്നു പുഞ്ചിരിച്ചാരോടും കൂടി നടന്ന കാലം"

ഈ വരികളിൽ വ്യക്തമാകുന്ന ജീവിതകാലം ഏത്?

- ശൈശവം
- ബാല്യം
- കൗമാരം
- യൗവനം

5. സൂക്ഷിക്കാൻ പറയുന്നതാണ് പൂവാലീ, കുന്നുകയറുമ്പോൾ ഉൾക്കണ്ണും തുറന്നു വയ്ക്കണം.



sheniblog www.shenischool.in

അടിവരയിട്ട പ്രയോഗം നൽകുന്ന അർത്ഥസൂചന എന്ത്?

- കണ്ണ് നന്നായി തുറന്നുവയ്ക്കണം.
- ജാഗ്രത വേണം.
- മുഴുവൻ കാഴ്ചകളും കാണണം.
- കാഴ്ചയുടെ സുഖം അറിയണം. (4x1=4)

**(6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം)**

6. ദാരിദ്ര്യമുള്ള പഞ്ഞമാസങ്ങളിൽ കർഷകർക്ക് വില ഈടാക്കാതെ ഭക്ഷ്യധാന്യങ്ങൾ സൗജന്യമായി നൽകണമെന്നാണ് മർക്കോസ് ചേട്ടൻ ആവശ്യപ്പെട്ടു.
   – തന്നിരിക്കുന്ന വാചകം തെറ്റുകൾ തിരുത്തി മാറ്റി എഴുതുക.

7. "കുട്ടികൾക്ക് തേന്മാവ് കാണിച്ചു കൊടുക്കുകയേ ആകാവൂ .തേൻകനി ചെത്തിപ്പൂളി തിന്നാൻ പാകത്തിന് കൊടുക്കരുത് ".
   വനഗായകന്റെ ഈ നിർദേശത്തിന്റെ പൊരുളെന്ത്? (രണ്ട് ആശയങ്ങൾ എഴുതുക)

8. "<u>പുഴയുടെ ചോര കക്കിയ ജഡംപോലെ</u> അവിടവിടെ കലക്കുവെള്ളം തങ്ങി നിന്നു".
   അടിവരയിട്ട പ്രയോഗം നൽകുന്ന രണ്ടു സൂചനകൾ എഴുതുക. (2x2=4)

**(9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം)**

9. " എല്ലാ മനുഷ്യരുടെയും ആവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ ഭൂമിക്ക് കഴിയും. എന്നാൽ അവരുടെ ആർത്തികളെ തൃപ്തിപ്പെടുത്താൻ കഴിയില്ല."
   -മഹാത്മാഗാന്ധി

"പട്ടു കിട്ടുമ്പൊഴും സന്തോഷമില്ലവ-
നൊട്ടു പണംകൂടെ മുമ്പേ നിനയ്ക്കയാൽ
വീരാളിപ്പട്ടു കിട്ടിയെന്നാകിലും
പോരാ തരിവള കിട്ടുവാനാഗ്രഹം.".

- കുഞ്ചൻ നമ്പ്യാർ

ഗാന്ധിജിയുടെ നിരീക്ഷണങ്ങൾ കാവ്യഭാഗത്ത് എത്രമാത്രം പ്രതിഫലിച്ചിട്ടുണ്ട് വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

10. " ഇനി മാമ്പഴം
തേൻകനി
വിയർപ്പിന്റെ കനി "

– തേൻകനിയെ വിയർപ്പിന്റെ കനിയായി വിശേഷിപ്പിച്ചതിന്റെ ഔചിത്യം നാടക സന്ദർഭവുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.



sheniblog www.shenischool.in

11. •"കാലമെത്രകഴിഞ്ഞാലും നമ്മുടെ കുഞ്ഞുങ്ങളിലൂടെ നാം കായലിൽ നീന്തിത്തുടിച്ചു കൊണ്ടിരിക്കും "

• നമുക്കുടനെ പുറപ്പെടണം. മണ്ണിൽ എവിടെയെങ്കിലുമുണ്ടാവും. ജീവനെ കുളിരണിയിക്കാൻ നിറയെ വെള്ളമുള്ള ഒരിടം.

– മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്ത് നശിപ്പിക്കുമ്പോഴും പ്രത്യാശയുടെ കിരണങ്ങൾ നിലനിൽക്കുക തന്നെ ചെയ്യും. കഥാസന്ദർഭങ്ങൾ വിശകലനം ചെയ്ത് പ്രതികരണക്കുറിപ്പ് തയാറാക്കുക.

12. "വേനൽ മഴ തുടങ്ങുമ്പോൾ ശൂലാപ്പിലെത്തി മുട്ടയിട്ട് കുഞ്ഞുങ്ങളെ വളർത്തിയെടുക്കുമ്പോഴേയ്ക്കും കർക്കിടകത്തിന്റെ മാരിപ്പെയ്ത്ത് തുടങ്ങും. ആ വെള്ളപ്പാച്ചിലിൽ ശത്രുക്കളുടെ പിടിയിൽപ്പെടാതെ അമ്മമാർക്ക് കുഞ്ഞുങ്ങളെ സുരക്ഷിതമായി പുഴയിലും പിന്നെ കായലിലും എത്തിക്കാം."

(രണ്ടു മത്സ്യങ്ങൾ )

"ഉങ്ങുമരമേ
വേനലിനെ എടുത്ത്
കുളിർത്തൊപ്പിയാക്കി
തലയിൽ വയ്ക്കുന്ന കളി
അതിനെ ശീലിപ്പിക്കണേ"

( അതിജീവനം )

രണ്ടു മത്സ്യങ്ങളും ഉങ്ങുമരവും അതിജീവനത്തിന്റെ എന്തെല്ലാം പാഠങ്ങളാണ് നമ്മെ പഠിപ്പിക്കുന്നത്. വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക

13. "കിട്ടും പണമെങ്കിലിപ്പോൾ മനുഷ്യർക്കു
ദുഷ്ടത കാട്ടുവാനൊട്ടും മടിയില്ല
-കിട്ടിയതൊന്നും മതിയല്ല പിന്നെയും
കിട്ടിയാലും മതിയല്ല ദുരാഗ്രഹം"

ദുരാഗ്രഹമാണ് മനുഷ്യനെ പല തിന്മകളിലും കൊണ്ടു ചെന്ന് എത്തിക്കുന്നതെന്ന് നമ്പ്യാരുടെ നിരീക്ഷണം 'കിട്ടും പണമെങ്കിലിപ്പോൾ' എന്ന പാഠഭാഗത്ത് എത്രമാത്രം പ്രസക്തമാണ്? ഉചിതമായ മറ്റു സന്ദർഭങ്ങൾകൂടി കണ്ടെത്തി സമർത്ഥിക്കുക.

14. സംഘബോധവും സ്വാശ്രയശീലവും കുറഞ്ഞുവരുന്ന ഇന്നത്തെ സമൂഹത്തിന് ' തേൻകനി ' എന്ന നാടകം നൽകുന്ന പാഠങ്ങൾ എന്ത് ? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക

5x4=20

**15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക ( 6 സ്കോർ വീതം)**

15. " ഈ ലോകത്തിലെ സകല സുഖങ്ങളും സൗഭാഗ്യങ്ങളും ആവോളം ആസ്വദിച്ചോളൂ. അപ്പോഴും കൈവശമുള്ള കരണ്ടിയും അതിലെ രണ്ടുതുള്ളി എണ്ണയും മനസ്സിലുണ്ടായിരിക്കണം. അതുതന്നെയാണ് സന്തോഷത്തിന്റെ രഹസ്യം"

- എണ്ണ നിറച്ച കരണ്ടി

നൽകിയ ഭാഗവും മറ്റ് കഥാസന്ദർഭങ്ങളും പരിഗണിച്ച് ജ്ഞാനിയുടെ നിരീക്ഷണങ്ങളുടെ കാലിക പ്രസക്തി വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.


sheniblog www.shenischool.in

16 " പേടിക്കാനില്ല പൂവാലീ, മുതലകളുടെയും നീർനായ്ക്കളുടെയും മീൻ കൊത്തികളുടെയും വംശങ്ങൾതന്നെ ഇല്ലാതായില്ലേ. മനുഷ്യനെ പേടിച്ചേ പറ്റൂ."

കഥയിലെ മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് 'മനുഷ്യൻ ഭൂമിയുടെ ക്യാൻസർ' എന്ന വിഷയത്തിൽ ലഘുപ്രഭാഷണം തയാറാക്കുക.

17

- ഭോജനത്തിനും പ്രഥനത്തിനും പിന്നെ
  രാജസേവയ്ക്കും ദുരാഗ്രഹം ലോകർക്ക്

- കൈക്കൂലി മെല്ലെപ്പിടുങ്ങുവാനല്ലാതെ
  ഇക്കാരിയക്കാർക്കില്ല വാഞ്ഛിതം

- പാരിലോരോ ജനം ദ്രവ്യമുണ്ടാക്കുവാൻ
  ഓരോരോ വിദ്യകൾ കാട്ടുന്നു സന്തതം

കവിതാ ഭാഗങ്ങളുടെ ആശയം ഉൾകൊണ്ട് 'കേരളീയ സാമൂഹിക ജീവിതത്തിലെ ജീർണ്ണതകൾ' എന്ന വിഷയത്തിൽ മുഖപ്രസംഗം തയാറാക്കുക.

(2x6=12)

---